Draft #3 of File 48907/AD A7/1/2019/AD A 7 Approved by ASSISTANT REGISTRAR V (ADMIN) on 05-Nov-2020 10:37 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ഇന്റർ സ്കൂൾ സെന്റർ-'അഡ്വാൻസ് ഡ് മോളിക്യൂലാർ മെറ്റീരിയൽ റിസർച്ച് സെന്റർ' (AMMRC)- യു. ജി. സി. റെഗുലേഷൻസിന്റെ പശ്ചാത്തലത്തിൽ ഗവേഷണം/കോഴ്സ് എന്നിവ നടത്തുന്നത് സംബന്ധിച്ച് അക്കാദമിക് കൗൺസിൽ തീരുമാനം ഉത്തരവായി പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 7 സെക്ഷൻ**

നമ്പർ. 5205/AD A 7/2020/എം.ജി.യു | പ്രിയദർശിനി ഹിൽസ്,തീയതി: 06.11.2020

---

*പരാമർശം:*-1. AMMRC യുടെ 2018-19 വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് നം. KSA/MGU/A6/734/2019 തീയതി 17.10.2019

2. U. O. No. 635/P&D-1/1/2011/Admn.; Dated 05.02.2011

3. 07.09.2020 ന കൂടിയ അക്കാദമിക് കൗൺസിലിന്റെ മിനിറ്റ്സ് ഇനം നം. 138/48907/ADA7/1 നമ്പരായുള്ള തീരുമാനം.

**<u>ഉത്തരവ്</u>**

സർവകലാശാലയുടെ ഇന്റർ സ്കൂൾ സെന്ററായ 'അഡ്വാൻസ്ഡ് മോളിക്യൂലാർ മെറ്റീരിയൽ റിസർച്ച് സെന്റർ' (AMMRC)-ൽ പെർമനന്റ് ഫാക്കൽറ്റിയുടെ അഭാവം ടി സെന്ററിൽ തുടർന്നും ഗവേഷണപ്രവർത്തനങ്ങൾ നടത്തുന്നതിനെയും ടി സെന്ററിന്റെ നിലനിൽപ്പിനെയും സാരമായി ബാധിക്കുന്നതാണെന്നും നിലവിൽ AMMRC-യിൽ ഗവേഷണം ചെയ്തുവരുന്ന വിദ്യാർത്ഥികൾ വിസിറ്റിംഗ് പ്രൊഫസറുടെ കീഴിലാണ് ഗവേഷണം ചെയ്തുവരുന്നതെന്നും ഏറ്റവും പുതിയ യു. ജി. സി. നോംസ് പ്രകാരം റെഗുലർ ഫാക്കൽറ്റിയ്ക്ക് മാത്രമേ റിസർച്ച് സൂപ്പർവൈസർമാരായി നിയമിക്കപ്പെടുവാൻ അർഹതയുള്ളുവെന്നും പരാമർശം (1) റിപ്പോർട്ടിൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് നിരീക്ഷിച്ചിരുന്നു.

പരാമർശം (2) പ്രകാരം, ഇന്റർ സ്കൂൾ സെന്ററുകൾക്കായി സർവകലാശാല പുറപ്പെടുവിച്ചിട്ടുള്ള റെഗുലേഷനിലെ റെഗുലേഷൻ 4 പ്രകാരം, "Convergence Centres shall be constituted by the faculty of the University Department of Teaching and Research who shall serve as the adjunct faculty of the centres" എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. കൂടാതെ റെഗുലേഷൻ 9 പ്രകാരം,'It shall also be competent to get Ph.D Scholars registered through it'(centre) എന്നും വ്യവസ്ഥയുണ്ട്. എന്നാൽ സർവകലാശാലയുടെ കീഴിലുള്ള ഇന്റർ സ്കൂൾ സെന്ററുകളിലൊന്നിലും സ്ഥിരം ഫാക്കൽറ്റി തസ്തികകളില്ലാത്തതിനാൽ സ്ഥിരാധ്യാപകരില്ല എന്ന സ്ഥിതി നിലനിൽക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ ഈ വിഷയത്തിൽ അക്കാദമിക് വിഭാഗത്തിന്റെ അഭിപ്രായം തേടിയിരുന്നു.

തുടർന്ന്, മഹാത്മാഗാന്ധി സർവകലാശാലയുടെ പിഎച്ച്. ഡി. റഗുലേഷൻ 2016 ലെ 17.2, 17.3, 17.4 എന്നീ ക്ലോസുകളിൽ ഇന്റർ - യൂണിവേഴ്സിറ്റി / ഇന്റർ - സ്കൂൾ സെന്ററുകളിലെ ഗവേഷണമാർഗദർശി Statutory Teaching Department ലെ സ്ഥിരാദ്ധ്യാപകൻ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File 48907/AD A7/1/2019/AD A 7 Approved by ASSISTANT REGISTRAR V (ADMIN) on 05-Nov-2020 10:37 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ആയിരിക്കണമെന്നും നിലവിലെ സർവകലാശാല ഉത്തരവ് പ്രകാരം Approved Research Centres ൽ നിന്നും ബന്ധപ്പെട്ട വിഷയത്തിൽ Guideship നേടിയിട്ടുള്ളവർക്കും ഗവേഷണ മാർഗ്ഗദർശിയാകാവുന്നതാണെന്നും കൂടാതെ UGC റൂൾസ് ആൻഡ് റഗുലേഷൻസ് പ്രകാരം tenure track basis ൽ നിയമിക്കപ്പെട്ട Faculty members നും ഗവേഷണമാർഗദർശിയാകാം എന്നുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്നും അക്കാദമിക് വിഭാഗം അഭിപ്രായപ്പെട്ടു.

ഇതിന്റെ വെളിച്ചത്തിൽ, പരാമർശം(1) റിപ്പോർട്ടിലെ നിരീക്ഷണത്തെത്തുടർന്ന് ഗവേഷണവുമായി ബന്ധപ്പെട്ട യു. ജി. സി. റെഗുലേഷനുകൾ, സർവകലാശാലയുടെ റെഗുലേഷനുകൾ, ഇന്റർ സ്കൂൾ സെന്ററുകൾക്കായി സർവകലാശാല പുറപ്പെടുവിച്ചിട്ടുള്ള റെഗുലേഷൻ എന്നിവ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഇന്റർ സ്കൂൾ സെന്ററായ AMMRC-യിൽ ഗവേഷണപ്രവർത്തനങ്ങൾ തുടരുന്നത് സംബന്ധിച്ച വിഷയം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. വൈസ് ചാൻസലർ ഉത്തരവായിരുന്നു .

തുടർന്ന് കൂടിയ അക്കാദമിക് കൗൺസിൽ യോഗം, പ്രസ്തുത വിഷയം യൂണിവേഴ്സിറ്റി റിസർച്ച് കമ്മിറ്റിയിൽ സമർപ്പിക്കാനും പ്രസ്തുത കമ്മിറ്റിയുടെ ശിപാർശകളോടെ സിൻഡിക്കേറ്റ് റിസർച്ച് & ഡെവലപ്മെന്റ് ഉപസമിതിയുടെ പരിഗണനയ്ക്ക് നൽകുവാനും പരാമർശം (3) പ്രകാരം തീരുമാനം കൈക്കൊണ്ടു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ലേഖ ജെ

അസിസ്റ്റന്റ് രജിസ്ട്രാർ 5 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ഡയറക്ടർ, യൂണിവേഴ്സിറ്റി റിസർച്ച് കമ്മിറ്റി
2. ഓണററി ഡയറക്ടർ, എ. എം. എം. ആർ. സി.
3. വൈസ് ചാൻസലറുടെ/പ്രൊ-വൈസ് ചാൻസലറുടെ പി. എസ്.
4. രജിസ്ട്രാറുടെ/ഫിനാൻസ് ഓഫീസറുടെ പി. എ.
5. ജോയിന്റ് ഡയറക്ടർ, കെ. എസ്. എ. ഡി. (എം. ജി. യു. ഓഡിറ്റ്)
6. ജോയിന്റ് രജിസ്ട്രാർ 3 (ഭരണം)/അസി. രജിസ്ട്രാർ 5 (ഭരണം)
7. ഫിനാൻസ് 1/ ഓഡിറ്റ് 1/ ഓഡിറ്റ്5/എസി എ10/എസി സി
8. റെക്കോർഡ്സ്/കണ്ടന്റ് മാനേജ്മെന്റ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ